# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2871 — 18.06.2019-ൽ മറുപടിക്ക്

**ഏകരൂൽ - കക്കയം - ഡാംസൈറ്റ് റോഡ് നവീകരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. പുരുഷൻ കടലുണ്ടി** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | കോഴിക്കോട് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രവും പവർ ഹൗസും ഉള്ള കക്കയത്തേക്ക് പോകുന്ന ഏകരൂൽ -കക്കയം-ഡാംസൈറ്റ് റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രളയംമൂലം തകർന്നുപോയ കക്കയം ഡാംസൈറ്റ് റോഡിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രധാന പ്രവൃത്തികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) | നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇ.കെ.ഡി. റോഡുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് (പി.എസ്.2) വകുപ്പിലുള്ള ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നറിയിക്കാമോ; | (സി) | കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് 20 കോടി രൂപയുടെ തത്വത്തിൽ അനുമതി നൽകിയിരുന്ന പി.യു.കെ.സി റോഡ് പ്രവൃത്തിക്ക് പകരമായി ഏകരൂൽ - കക്കയം ഡാംസൈറ്റ് റോഡ് നവീകരണ പ്രവൃത്തിക്ക് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ PWD-PS2/384/2018-PWD നം. ഫയലിൽ പരിശോധിച്ചിരുന്നതും, കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്നതിന് ലക്ഷ്യമിട്ട തുകയ്ക്കുള്ള പദ്ധതികൾ നിലവിൽ അനുവദിക്കപ്പെട്ടിരുന്നത് കൊണ്ട് പുതിയ പ്രവൃത്തികൾ അനുവദിക്കാൻ കഴിയുകയില്ല എന്ന വിവരം നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറെ അറിയിച്ച് പ്രസ്തുത ഫയൽ തീർപ്പാക്കിയിട്ടുള്ളതുമാണ്. |
| (ഡി) | ഈ റോഡ് നവീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഈ റോഡ് നവീകരിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. എകരൂൽ കക്കയം ഡാം സൈറ്റ് റോഡിൽ കി.മീ. 10/850 ലെ സംരക്ഷണ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി – 15 ലക്ഷം
2. എകരൂൽ കക്കയം ഡാം സൈറ്റ് റോഡിൽ കി.മീ. 20/200 ലെ മുകൾഭാഗത്തെ കൾവർട്ടിന്റെയും സംരക്ഷണ ഭിത്തിയുടെയും പുനരുദ്ധാരണ പ്രവൃത്തി – 12 ലക്ഷം
3. എകരൂൽ കക്കയം ഡാം സൈറ്റ് റോഡിൽ കി.മീ. 20/200 കീഴ്ഭാഗത്തെ കൾവർട്ടിന്റെയും സംരക്ഷണ ഭിത്തിയുടെയും പുനരുദ്ധാരണ പ്രവൃത്തി – 25 ലക്ഷം
4. എകരൂൽ കക്കയം ഡാം സൈറ്റ് റോഡിൽ കി.മീ. 21/800 ലെ തകർന്ന കൾവർട്ടിന്റെയും സംരക്ഷണ ഭിത്തിയുടെയും പുനരുദ്ധാരണ പ്രവൃത്തി – 10 ലക്ഷം

കൂടാതെ മൂന്ന് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ പൂർത്തിയായി വരുന്നു. പ്രവൃത്തികൾ താഴെ ചേർക്കുന്നു

1. എകരൂൽ കക്കയം ഡാം സൈറ്റ് റോഡിൽ കി.മീ. 6/200 മുതൽ 7/000 വരെ RBT പ്രവൃത്തി - 10 ലക്ഷം
2. എകരൂൽ കക്കയം ഡാം സൈറ്റ് റോഡിൽ കി.മീ. 3/200 മുതൽ 4/200 വരെ സ്ട്രിപ്പ്പ ബി.ടി. പ്രവൃത്തി - 10 ലക്ഷം
3. എകരൂൽ കക്കയം ഡാം സൈറ്റ് റോഡിൽ കി.മീ. 19/000 മുതൽ 24/200 വരെ സ്ട്രിപ്പ് ബി.ടി. പ്രവൃത്തി - 15 ലക്ഷം

(signature)
സെക്ഷൻ ഓഫീസർ